(സി) മഹാരാഷ്ട്ര സംസ്ഥാനത്ത് നടപ്പിലാക്കിയ 'ബോംബെ-പൂന എക്സ്പ്രസ്സ് ഹൈവേ' വമ്പിച്ച നഷ്ടമാണ് നേരിടുന്നതെന്നും പ്രതീക്ഷിച്ച ടോൾ വരുമാനത്തിന്റെ നേരിയ ശതമാനംപോലും ലഭിക്കുന്നില്ലെന്നുമുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമായ അന്വേഷണ പഠനം നടത്തിയശേഷം മാത്രം കേരളത്തിലെ എക്സ്പ്രസ്സ് ഹൈവേ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കു എന്ന് സർക്കാർ തീരുമാനിക്കുമോ;

(ഡി) കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവേ ലൈനുകൾ മുഴുവൻ ഇരട്ടപാതകളാക്കുകയും, തീവണ്ടികളുടെ എണ്ണവും വേഗതയും വർദ്ധിപ്പിക്കുകയും യാത്ര അപകടരഹിതമാക്കുകയും ചെയ്യുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി പ്രാവർത്തികമാക്കുന്നപക്ഷം കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ സ്ഥാപിക്കുന്നത് ഒഴിവാക്കാൻ കഴിയുമോ എന്നറിയിക്കാമോ;

(ഇ) എക്സ്പ്രസ്സ് ഹൈവേ സ്ഥാപിക്കുന്നതിനെപ്പറ്റി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ അത്തരമൊരു പഠനം നടത്താൻ നടപടി സ്വീകരിക്കുന്ന കാര്യവും പരിഗണിക്കുമോ?

ഉത്തരം

(എ) പ്രാഥമിക പഠനങ്ങൾ അനുസരിച്ച് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് ഉദ്ദേശം 6,473 കോടി രൂപയാണ്. ഹൈവേയുടെ പണി 15 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിക്കായി ഉദ്ദേശം 3897 ഹെക്ടർ കൃഷിഭൂമിയും 433 ഹെക്ടർ വികസിത ഭൂമിയും ഏറ്റെടുക്കേണ്ടിവരുമെന്നാണ് പ്രാഥമിക പഠന റിപ്പോർട്ട്. ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് 2000 കോടി രൂപയാണ്.

(സി) ഈ പദ്ധതിക്കുവേണ്ടി വിശദമായ രൂപരേഖ ഉണ്ടാക്കാനുള്ള കരാർ പ്രകാരം 'ബോംബെ-പൂന എക്സ്പ്രസ്സ് ഹൈവേ' രീതിയിലുള്ള മറ്റു പദ്ധതികളുമായുള്ള താരതമ്യ പഠനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യവും മേൽപ്പറഞ്ഞ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിശദമായ പരിസ്ഥിതി പഠനവും നടത്തുന്നുണ്ട്.

ഹിൽ ഹൈവേയുടെ പ്രവർത്തികൾ ആരംഭിക്കാൻ നടപടി

38 [1448] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഹൈവേയുടെ നൂട്ട് അന്തിമമായി അംഗീകരിച്ചോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഒന്നാംഘട്ടമെങ്കിലും ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ സാധ്യതാപഠനം നടത്തുകയും കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച കാര്യം പരിശോധിച്ചുവരികയാണ്.

(ബി) അന്തിമമായി അംഗീകരിച്ചിട്ടില്ല.

(സി) ഒട്ടേറെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതിനാൽ പ്രായോഗികമായി സാദ്ധ്യമാവുകയില്ല.

പട്ടാമ്പി ബൈപാസ് പണി ആരംഭിക്കുവാൻ നടപടി

39 [1449] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട പട്ടാമ്പി ബൈപ്പാസ്, വിളയൂർ-കൈപ്പുറം റോഡ്, കുരാച്ചിപ്പടി-നടുവട്ടം റോഡ്, പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് എന്നിവയുടെ പുനർനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടാമ്പി ബൈപ്പാസ് പണി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) (i) പട്ടാമ്പി ബൈപ്പാസ് റോഡിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചശേഷം ടെണ്ടർ വിളിച്ച് പണി ആരംഭിക്കുന്നതാണ്.

(ii) വിളയൂർ-കൈപ്പുറം റോഡിന്റെ പണി പുരോഗതിയിലാണ്.

(iii) കുറിച്ചിപ്പടി-നടുവട്ടം റോഡിന് ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(iv) പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. താമസിയാതെ പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ ഏതാണ്ട് ഒരു വർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്.

(ബി) സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

ആലപ്പുഴയിലെ നഗരറോഡുകളുടെ പുനരുദ്ധാരണം

40 [1450] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കല്ലൻ റോഡ്, മെഡിക്കൽ കോളേജ്-ബീച്ച് റോഡ്, നഗരറോഡുകളുടെ പുനരുദ്ധാരണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ, എങ്കിൽ എന്തുതുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly